# ശ്രീ ശങ്കരാചാര്യ വിരചിത പ്രശ്നോത്തര രത്നമാലിക

1.കഃ ഘലു നാലംക്രിയതേ ദൃഷ്ടാദൃഷ്ടാർത്ഥ സാധന പടിയാന് |
അമൂയാ കണ്ഠസ്ഥിതയാ പ്രശ്നോത്തര് രത്നമാലികയാ ||

പ്രശ്നോത്തരമാലിക എന്ന പ്രകരണഗ്രന്ഥം, പ്രശംസ എന്ന ദൃഷ്ടാർഥ സാധനത്തിനും, മോക്ഷരൂപമായ അദൃഷ്ടാർഥ സാധനത്തിനും ഉപകരിയ്ക്കുന്നു

2.ഭഗവൻ കിമുപാദേയം? ഗുരുവചനം, ഹേയമപി കിം? അകാര്യം |
കോ ഗുരുഃ? അധിഗതതത്ത്വഃ ശിഷ്യഹിതായോദ്യതഃ സതതം ||

🌟 അല്ലയോ ഗുരുനാഥ, എന്താണ് സ്വീകാര്യമായിട്ടുള്ളത്?
🔥 ഗുരുവിന്റെ വാക്ക്
🌟 ഒഴിവാക്കേണ്ടത് എന്താണ്?
🔥 ചീത്ത കാര്യം
🌟 ആരാണ് യഥാർഥ ഗുരു?
🔥 എപ്പോഴും ശിഷ്യന്മാരുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നവനും പരമമായ തത്ത്വം മനസ്സിലാക്കിയവനും

3.ത്വരിതം കിം കർതവ്യം വിദുഷാം? സംസാരസന്തതിച്ഛേദഃ |
കിം മോക്ഷതരോഃ ബീജം? സമ്യഗ്ജ്ഞാനം ക്രിയാസിദ്ധം ||

🌟 അറിവുള്ളവർക്ക് പെട്ടെന്നു ചെയ്യേണ്ട കാര്യമെന്താണ്?
🔥 അവിച്ഛിന്നമായ ഈ സംസാരപരമ്പരയുടെ വിച്ഛേദം
🌟 മോക്ഷമാകുന്ന മരത്തിന്റെ വിത്ത് എന്ത്?
🔥 പ്രവൃത്തികൊണ്ടു നേടിയ യഥാർഥജ്ഞാനം

4.കഃ പഥ്യതരോ? ധർമഃ കഃ ശുചിരിഹ? യസ്യ മാനസം ശുദ്ധം |
കഃ പണ്ഡിതോ? വിവേകി കിം വിഷം? അവധീരണാ ഗുരുഷു ||

🌟 കൂടുതൽ പഥ്യമായതെന്താണ്?
🔥 ധർമ്മം
🌟 ഈ ലോകത്തിൽ പരിശുദ്ധിയുള്ളത് എന്താണ്?
🔥 ശുദ്ധമായ മനസ്സുള്ളുവൻ
🌟 പണ്ഡിതൻ ആരാണ്?
🔥 തിരിച്ചറിവുള്ളവൻ
🌟 വിഷമെന്താണ്?
🔥 ആചാര്യന്മാരോടും മുതിർന്ന വരോടുമുള്ള വെറുപ്പ്

5.കിം സംസാരേ സാരം? ബഹുശോ∫പി വിചിന്ത്യമാനമിദമേവ |
കിം മനുജേഷ്വിഷ്ടതമം? സ്വപരഹിതായോദ്യതം ജന്മ ||

🌟 ഈ പ്രപഞ്ചത്തിൽ സാരഭൂതമായതെന്താണ്?
🔥 വളരെ ചിന്തിച്ചിട്ടും ഈ സംസാരം തന്നെ
🌟 മനുഷ്യർക്കു ഏറ്റവും ഇഷ്ടപ്പെട്ടതെന്താണ്?
🔥 തനിക്കും മറ്റുള്ളവർക്കും പ്രയോജനകരമായ ജന്മം

6.മദിരേവ മോഹജനകഃ കഃ? സ്നേഹഃ, കേ ച ദസ്യവഃ? വിഷയാഃ |
കാ ഭവവല്ലീ? തൃഷ്ണാ, കോ വൈരീ? യസ്തവനുദ്യോഗഃ ||

🌟 മദ്യം പോലെ മദിപ്പിക്കുന്നതെന്താണ്?
🔥 സ്നേഹം
🌟 കള്ളന്മാർ ആരാണ്?
🔥 വിഷയങ്ങൾ
🌟 സംസാരത്തിന്റെ വള്ളി ഏതാണ്?
🔥 തൃഷ്ണ
🌟 ശ്രുതു ആരാണ്?
🔥 ഒന്നിലും പ്രവർത്തിക്കാത്തവൻ.

7.കസ്മാദ് ഭയമിഹ? മരണാദ്, അന്ധാദിഹ കോ വിശിഷ്യതേ? രാഗീ |
കഃ ശൂരഃ? യോ ലലനാലോചനബാണൈർന ച വ്യധിതഃ ||

🌟 ഈ ലോകത്തിൽ പേടി എന്തിൽനിന്നാണ്?
🔥 മരണത്തിൽനിന്ന്
🌟 ഇവിടെ കുരുടനേക്കാൾ വിശേഷം ആർക്കാണ്?
🔥 രാഗിയ്ക്ക്
🌟 ശൂരൻ ആരാണ്?
🔥 സ്ത്രീകളുടെ കടക്കണ്ണുകളാകുന്ന അമ്പുകൾകൊണ്ടു മുറിവേൽക്കാത്തവൻ

8.പാതും കർണാഞ്ജലിഭിഃ കിമമൃതമിഹ യുജ്യതേ? സദുപദേശഃ |
കിം ഗുരുതായാം മുലം? യദേതദപ്രാർഥനം നാമ ||

🌟 ഈ ലോകത്തിൽ കാതുകളാകുന്ന കൈക്കുടുന്നകൾക്ക് കുടിയ്ക്കാൻ പറ്റുന്ന അമൃത് ഏത്?
🔥 സജ്ജനങ്ങളുടെ ഉപദേശം
🌟 (ഒരാളുടെ) വലിപ്പത്തിന്റെ കാരണമെന്ത്?
🔥 മറ്റുള്ളവരോടു എരക്കാതിരിയ്ക്കുക എന്നതാണ്

9.കിം ഗഹനം? സ്ത്രീചരിതം, കശ്ചതുരഃ? യോ ന ഖണ്ഡിത സ്തേന |
കിം ദുഃഖം? അസന്തോഷഃ, കിം ലാഘവം? അധമതോ യാഞ്ചാ ||

🌟 മനസ്സിലാക്കാൻ സാധിക്കാത്തത് എന്താണ്?
🔥 സ്ത്രീകളുടെ സ്വഭാവം
🌟 സമർത്ഥൻ ആരാണ്?
🔥 ആ സ്ത്രീസ്വഭാവംകൊണ്ട് മുറിവേൽക്കാത്തവൻ

🌟 ദുഃഖമെന്താണ്?
🔥 സന്തോഷമില്ലായ്മ
🌟 കുറച്ചിൽ എന്താണ്?
🔥 നീചന്മാരോടുള്ള യാചന

10.കിം ജീവിതം? അനവദ്യം, കിം ജാഡ്യം? പാഠതോ/പ്യനഭ്യാസഃ ।
കോ ജാഗർതി? വിവേകീ, കാ നിദ്രാ? മുഢതാ ജന്തോഃ ॥

🌟 ജീവികൾക്ക് ജീവിതമെന്താണ്?
🔥 (അനവദ്യം) കുറ്റമറ്റ ജീവിതം
🌟 ഭോഷത്തം എന്താണ്?
🔥 പഠിച്ചിട്ടും പരിശീലിയ്ക്കാതിരിയ്ക്കൽ
🌟 ആരാണ് ഉണർന്നിരിക്കുന്നത്?
🔥 തിരിച്ചറിവുള്ളവൻ
🌟 ഉറക്കമെന്താണ്?
🔥 അറിവില്ലായ്മ

11.നളിനീദളഗതജലവത്തരളം കിം? യൗവനം ധനം ചായുഃ ।
കഥയ പുനഃ കേ ശശിനഃ കിരണസമാഃ? സജ്ജനാ ഏവ ॥

🌟 താമരയിലയിൽ വീണ വെള്ളം പോലെ ഇളക്കമുള്ളതെന്ത്?
🔥 ചെറുപ്പം, സമ്പത്ത്, ആയുസ്സ് എന്നിവ
🌟 വീണ്ടും പറഞ്ഞാലും, ചന്ദ്രന്റെ രശ്മിപോലുള്ളവർ ആരാണ്?
🔥 സജ്ജനങ്ങൾതന്നെ

12.കോ നരകഃ? പരവശതാ, കിം സൗഖ്യം സർവസംഗവിരതിര്യാ ।
കിം സാധ്യം? ഭൂതഹിതം, പ്രിയം ച കിം പ്രാണിനാം? അസവഃ ॥

🌟 നരകമെന്താണ്?
🔥 മറ്റൊരുത്തനു അധീനത
🌟 സുഖമെന്താണ്?
🔥 എല്ലാറ്റിനോടുമുള്ള ആസക്തി ഒഴിവാക്കൽ
🌟 സത്യമെന്താണ്?
🔥 സർവപ്രാണികളുടേയും നന്മ
🌟 എല്ലാജീവികൾക്കും ഇഷ്ടപ്പെട്ടതെന്താണ്?
🔥 പ്രാണൻ

13.കോനർഥഫലഃ? മാനഃ, കാ സുഖദാ? സാധുജനമൈത്രീ ।
സർവവ്യസനവിനാശേ കോ ദക്ഷഃ? സർവഥാ ത്യാഗീ ॥

🌟 കുഴപ്പമാകുന്ന ഫലമുണ്ടാക്കുന്നതെന്ത്?
🔥 ദുരഭിമാനം
🌟 സുഖം തരുന്നതെന്ത്?
🔥 നല്ലവരോടുള്ള സൗഹൃദം
🌟 എല്ലാ ദുഃഖങ്ങളും ഇല്ലാതാക്കാൻ കെല്പുള്ളവനാര്?
🔥 എല്ലാവിധത്തിലും തന്റെതെന്ന മമതയെ വിട്ടവൻ

14.കിം മരണം? മുർഖത്വം, കിം ചാനർഘം? യദവസരേ ദത്തം ।
ആമരണാത് കിം ശല്യം? പ്രച്ഛന്നം യത് കൃതം പാപം ॥

🌟 മരണമെന്താണ്?
🔥 അറിവില്ലായ്മ
🌟 വിലമതിയ്ക്കാൻ വയ്യാത്തതെന്താണ്?
🔥 വേണ്ടസമയത്തു നൽകിയത്
🌟 മരണം വരെ ക്ലേശമുണ്ടാക്കുന്നതെന്താണ്?
🔥 രഹസ്യമായി ചെയ്ത പാപം

15.കുത്ര വിധേയോ യത്നഃ? വിദ്യാഭ്യാസേ സദൗഷധേ ദാനേ ।
അവധീരണാ കപ കാര്യാ? ഖലജനപരയോഷിത് പരധനേഷു ॥

🌟 പ്രയത്നം എവിടെ ചെയ്യണം?
🔥 വിദ്യാഭ്യാസത്തിലും, നല്ലമരുന്നിലും, ദാനത്തിലും
🌟 തിരസ്കാരം എവിടെ ചെയ്യണം?
🔥 ദുഷ്ടന്മാരിലും, പരസ്ത്രീകളിലും, പരധനത്തിലും

16.കാഹർനിശമനുചിന്ത്യാ? സംസാരാസാരതാ, ന തു പ്രമദാ ।
കാ പ്രേയസീ വിധേയാ? കരുണാ ദീനേഷു സജ്ജനേ മൈത്രീ ॥

🌟 രാവും പകലും ആരെ ചിന്തിയ്ക്കണം?
🔥 സ്ത്രീയെക്കുറിച്ചല്ല, സംസാരത്തിന്റെ കൊള്ളരുതായ്മയെക്കുറിച്ച്
🌟 ആരെ അധികം പ്രിയപ്പെട്ടവളാക്കണം?
🔥 പാവങ്ങളിൽ കരുണയേയും, നല്ലവരിൽ മൈത്രിയേയും

17.കണ്ഠഗതൈരപ്യസുഭിഃ കസ്യ ഹ്യാത്മാ ന ശക്യതേ ജേതും? ।
മുർഖസ്യ ശങ്കിതസ്യ ച വിഷാദിനോ വാ കൃതഘ്നസ്യ ॥

🌟 കഴുത്തോളമെത്തിയ പ്രാണനെക്കൊണ്ടും (ജീവൻ പണയപ്പെടുത്തിയാലും) ആരുടെ സ്വഭാവം വെല്ലാൻ സാധ്യമല്ല?

🔥അറിവില്ലാത്തവന്റെയും, സംശയാലുവിന്റെയും, വിഷാദശീലന്റെയും, നന്ദികെട്ടവന്റെയും

18.കഃ സാധുഃ? സദ്വൃത്തഃ കം അധമമാചക്ഷതേ? ത്വസദ്വൃത്തം ।
കേന ജിതം ജഗദേതത്? സത്യതിതിക്ഷാവതാ പുംസാ ॥

🌟സജ്ജനം ആരാണ്?
🔥നല്ലശീലമുള്ളവൻ
🌟കൊള്ളരുതാത്തവനെന്ന് ആരെയാണ് പറയുന്നത്?
🔥ദുശ്ശീലമുള്ളവനെ
🌟ആരാണ് ഈ ലോകം ജയിക്കുന്നത്?
🔥സത്യം, സഹനശക്തി എന്നിവ ഉള്ളവൻ

19.കസ്മൈ നമാംസി ദേവാഃ കുർവന്തി? ദയാപ്രധാനായ ।
കസ്മാദുദ്വേഗഃ സ്യാത്? സാരാരണ്യതഃ സുധിയഃ ॥

🌟ദേവന്മാർ ആർക്കാണ് നമസ്കാരങ്ങൾ ചെയ്യുന്നത്?
🔥അലിവുള്ളവന്
🌟ധാർമ്മികന് എന്തിൽനിന്നാണ് പേടിയുണ്ടാകുന്നത്?
🔥സംസാരമാകുന്ന കാട്ടിൽനിന്ന്

20.കസ്യ വശേ പ്രാണിഗണഃ? സത്യപ്രിയഭാഷിണോ വിനീതസ്യ ।
ക്വ സ്ഥാതവ്യം? ന്യായ്യേ പഥി ദൃഷ്ടാദൃഷ്ടലാഭാഢ്യേ ॥

🌟ജീവികൾ ആർക്കാണ് കീഴടങ്ങുന്നത്?
🔥നേരും ഇഷ്ടവും പറയുന്നവനും വിനയം ഉള്ളവനെയും
🌟എവിടെയാണ് നിൽക്കേണ്ടത്?
🔥 ഐഹികവും ആമുഷ്മികവുമായ നേട്ടമുള്ള നീതിയുടെ വഴിയിൽ

21.കോ ഽന്ധഃ? യോ ഽകാര്യരതഃ, കോ ബധിരഃ? യോ ഹിതാനി ന ശൃണോതി ।
കോ മൂകഃ? യഃ കാലേ പ്രിയാണി വക്തും ന ജാനാതി ॥

🌟കുരുടൻ ആരാണ്?
🔥വേണ്ടാത്തതു ചെയ്യാൻ താത്പര്യമുള്ളവൻ
🌟ചെകിടൻ ആരാണ്?
🔥നന്മ പറയുന്നതു കേൾക്കാത്തവൻ
🌟ഊമ ആരാണ്?
🔥വേണ്ടസമയത്തു ഭംഗി പറയാൻ അറിയാത്തവൻ

22.കിം ദാനം? അനകാംക്ഷം, കിം മിത്രം? യോ നിവാരയതി പാപാത് ।
കോ/ലങ്കാരഃ? ശീലം, കിം വാചാം മണ്ഡനം? സത്യം ॥

🌟 ദാനം എന്താണ്?
🥩 ആവശ്യപ്പെടാതെ കൊടുക്കുന്നത്
🌟 കൂട്ടുകാരൻ ആരാണ്?
🥩 തിന്മയെ തടയുന്നവൻ
🌟 ഭൂഷണം എന്താണ്?
🥩 നല്ല സ്വഭാവം
🌟 വാക്കിനു അലങ്കാരം എന്ത്?
🥩 സത്യം/നേര്

23.വിദ്യുദ്വിലസിതചപലം കിം? ദുർജനസംഗതിര്യുവതയശ്ച ।
കുലശീലനിഷ്പ്രകമ്പാഃ കേ കലികാലേ/പി? സജ്ജനാഃ ഏവ ॥

🌟 മിന്നൽപ്പിണർ പോലെ ക്ഷണികമായതെന്ത്?
🥩 ദുഷ്ടരോടുള്ള ചേർച്ചയും ചെറുപ്പക്കാരികളും
🌟 കലികാലത്തും തറവാടിത്തം കൊണ്ടും നല്ല പെരുമാറ്റവും കൊണ്ടും ഇളകാത്തവർ ആർ?
🥩 സജ്ജനങ്ങൾ

24.ചിന്താമണിരിവ ദുർലഭമിഹ കിം? കഥയാമിഃ തച്ചതുർഭദ്രം ।
കിം തദ്വദന്തി ഭൂയോ വിധൂതതമസോ വിശേഷണ? ॥

25.ദാനം പ്രിയവാക്സഹിതം, ജ്ഞാനമഗർവം, ക്ഷമാന്വിതം ശൗര്യം, ।
വിത്തം ത്യാഗസമേതം ദുർലഭമേതച്ചതുർഭദ്രം ॥

🌟 ഈ ലോകത്തിൽ ചിന്താമണി പോലെ നേടാൻ ബുദ്ധിമുട്ടുള്ളതെന്ത്, അജ്ഞാനാന്ധകാരം അടക്കിയവർ അതെന്താണെന്നാണ് വീണ്ടും വീണ്ടും വിശേഷിച്ചു പറയുന്നത്?
🥩 പറയാം, അത് ചതുർഭദ്രമാകുന്നു, നല്ലവാക്കോടുകൂടിയ ദാനം, ഒദ്ധത്യമില്ലാത്ത അറിവ്, സഹനശീലമുള്ള ധൈര്യം, ഔദാര്യമുള്ള സമ്പത്ത് എന്നീ നാല് ശ്രേഷ്ഠമായ കാര്യങ്ങൾ നേടാന് ബുദ്ധിമുട്ടുള്ളവയാണ്

26.കിം ശോച്യം? കാർപണ്യം, സതി വിഭവേ കിം പ്രശസ്ത? ഔദാര്യം ।
കഃ പൂജ്യോ വിദ്വദ്ഭിഃ? സ്വഭാവതഃ സർവദാ വിനീതോ യഃ ॥

🌟 എന്തിനെക്കുറിച്ചാണ് ദുഃഖിക്കേണ്ടത്?
🥩 കാർപണ്യം/ലുബ്ധിനെ
🌟 ജീവിതത്തിനു വകയുണ്ടെങ്കിൽ ഏറ്റവും നല്ലതെന്താണ്?
🥩 ഉദാരത
🌟 അറിവുള്ളവർക്കു പോലും പൂജനിയനാരാണ്?
🥩 എപ്പോഴും സ്വാഭാവികമായ വിനയമുള്ളവൻ

27.കഃ കുലകമലദിനേശഃ? സതി ഗുണവിഭവേ/പി യോ ന്രമഃ ।
കസ്യ വശേ ജഗദേതത്? പ്രിയഹിതവചനസ്യ ധർമനിരതസ്യ ॥

🌟 വംശമാകുന്ന താമരപ്പൂ വിരിയിക്കുന്ന സൂര്യനാരാണ്?
❤️‍🔥 മഹത്ഗുണങ്ങൾ ഉണ്ടായിരുന്നിട്ടും അഹങ്കാരമില്ലാത്തവൻ
🌟 ഈ ലോകം ആരുടെ അധീനത്തിലാണ്?
❤️‍🔥 വേണ്ടതു വേണ്ടപോലെ ഭംഗിയായി പറയുന്ന ധാർമ്മികന്റെ

28.വിദ്വന്മനോഹരാ കാ? സത്കവിതാ ബോധവനിതാ ച ।
കം ന സ്പൃശതി വിപത്തിഃ? പ്രവൃദ്ധവചനാനുവർതിനം ദാന്തം ॥

🌟 അറിവുള്ളവരുടെ മനസ്സിനെ കവരുന്നതെന്ത്?
❤️‍🔥 നല്ല കവിതയും, അറിവാകുന്ന നാരിയും
🌟 ആപത്ത് ആരെ തൊടില്ല?
❤️‍🔥 മൂത്തവരുടെ വാക്കനുസരണവും ശമവും ഉള്ളവനെ

29.കസ്മൈ സ്പൃഹയതി കമലാ? ത്വനലസചിത്തായ നീതി വ്യത്തായ ।
ത്യജതി ച കം സഹസാ? ദ്വിജഗുരുസുരനിന്ദാകരം ച സാലസ്യം ॥

🌟 ശ്രീ ആരെ ആഗ്രഹിയ്ക്കുന്നു?
❤️‍🔥 മടിയില്ലാത്ത മനസ്സും മര്യാദയുള്ള പെരുമാറ്റവുമുള്ളവനെ
🌟 ആരെ പെട്ടെന്നു വിട്ടുപോകുന്നു?
❤️‍🔥 ബ്രാഹ്മണരെയും, ഗുരുക്കന്മാരെയും, ദേവന്മാരെയും അപകീർത്തിപ്പെടുത്തുന്നവനും മടിയനെയും

30.കുത്ര വിധേയോ വാസഃ ? സജ്ജനനികടേ/ഥവാ കാശ്യാം ।
കഃ പരിഹാര്യോ ദേശഃ? പിശുനയുതോ ലുബ്ധ ഭൂപശ്ച ॥

🌟 എവിടെ താമസിയ്ക്കണം?
❤️‍🔥 നല്ലവരുടെ അടുത്തോ കാശിയിലോ
🌟 ഒഴിവാക്കേണ്ട നാടേതാണ്?
❤️‍🔥 ദുഷ്ടന്മാരാൽ സമ്പന്നനായ, അത്യാഗ്രഹിയായ ഒരു രാജാവ് ഭരിക്കുന്ന നാട്

31.കേനാശോച്യഃ പുരുഷഃ? പ്രണതകളത്രേണ ധീരവിഭവേന ।
ഇഹ ഭുവനേ കഃ ശോച്യഃ ? സത്യപി വിഭവേ ന യോ ദാതാ ॥

🌟 പുരുഷൻ എന്തുകൊണ്ടാണ് അശോച്യനാകുന്നത്?
❤️‍🔥 വണക്കമുള്ള ഭാര്യയെക്കൊണ്ടും, ഉറച്ച സമ്പത്തുകൊണ്ടും
🌟 ഈ ലോകത്തിൽ അനുതാപാർഹൻ ആരാണ്?
❤️‍🔥 കഴിവുണ്ടായിട്ടും ദാനം ചെയ്യാത്തവൻ

32.കിം ലഘുതായാ മുലം? പ്രാകൃതപുരുഷേഷു യാ യാജ്ഞാ ।
രാമാദപി കഃ ശൂരഃ? സ്മരശരനിഹതോ ന യശ്ചലതി ॥

🌟 കുറച്ചിലിന്റെ കാരണമെന്ത്?
🔥 നീചത്വമുള്ളവരോടുള്ളയാചന
🌟 രാമനേക്കാൾ ഉശിരുള്ളവനാരാണ്?
🔥 കാമബാണങ്ങൾകൊണ്ടു മുറിപ്പെട്ടിട്ടും അനങ്ങാത്തവൻ

33.കിമഹർനിശമനുചിന്ത്യം? ഭഗവച്ചരണം, ന സംസാരഃ ।
ചക്ഷുഷ്മന്തോ ഽപ്യന്ധാഃ കേ സ്യുഃ? യേ നാസ്തികാഃ മനുജാഃ ॥

🌟 രാവും പകലും എന്താണ് ഓർക്കേണ്ടത്?
🔥 തന്തിരുവടിയെത്തന്നെ, സംസാരത്തെക്കുറിച്ചല്ല
🌟 കണ്ണുണ്ടായിട്ടും കാണാത്തവർ ആരാണ്?
🔥 പരലോകവും ഈശ്വരനും മറ്റുമില്ലെന്നു പറയുന്ന മനുഷ്യർ

34.കഃ പംഗുരിഹ പ്രഥിതഃ? വ്രജതി ച യോ വാർധകേ തീർഥം ।
കിം തീർഥമപി ച മുഖ്യം? ചിത്തമലം യന്നിവർത്തയതി ॥

🌟 ഇവിടെ മുടന്തെന്നു പറയപ്പെടുന്നവനാര്?
🔥 വയസ്സുകാലം വന്നാൽ തീർഥയാത്ര ചെയ്യുന്നവൻ
🌟 മാത്രമല്ല, പ്രധാനപ്പെട്ട തീർഥം ഏതാണ്?
🔥 മനസ്സിന്റെ മാലിന്യം കളയുന്നതേതോ അത് തീർഥം

35.കിം സ്മർത്തവ്യം പുരുഷൈഃ? ഹരിനാമ സദാ, ന യാവനീ ഭാഷാ ।
കോഹിന വാച്യഃ സുധിയാ? പരദോഷശ്ചാന്യതം തദ്വത് ॥

🌟 ജനങ്ങളാൽ എന്താണ് എന്നും ഓർക്കേണ്ടത്?
🔥 എപ്പോഴും ഭഗവന്നാമം, അല്ലാതെ യവനഭാഷ അല്ല
🌟 ബുദ്ധിയുള്ളവൻ എന്തു പറയരുത്?
🔥 മറ്റുള്ളവന്റെ കുറ്റവും, അതുപോലെ കുറവും

36.കിം സമ്പാദ്യം മനുജൈഃ? വിദ്യാ വിത്തം ബലം യശഃ പുണ്യം ।
കഃ സർവഗുണവിനാശീ? ലോഭഃ, ശത്രുശ്ച കഃ? കാമഃ ॥

🌟 മനുഷ്യന്മാരാൽ നേടേണ്ടതെന്താണ്?
🔥 വിദ്യ, സമ്പത്ത്, ഉറപ്പ്, കീർത്തി, സുകൃതം
🌟 എല്ലാഗുണങ്ങളേയും കളയുന്നതെന്ത്?
🔥 പണക്കൊതി
🌟 ആരാണ് ശത്രു?
🔥 കാമദേവൻ

37.കാ ച സഭാ പരിഹാര്യാ? ഹീനാ യാ വ്യദ്ധസചിവേന ।
ഇഹ കുത്രാവഹിതഃ സ്യാന്മനുജഃ? കില, രാജസേവായാം ॥

🌟 ഏതൊരു സദസ്സാണ് ഒഴിവാക്കേണ്ടത്?
🔥 അറിവുള്ള സഹായില്ലാത്ത സദസ്സ്
🌟 ഇവിടെ മനുഷ്യൻ എന്തിലാണ് ഏറ്റവും മനസ്സിരുത്തേണ്ടത്?
🔥 രാജസേവയിൽ തന്നെയാണല്ലൊ

38.പ്രാണാദപി കോ രമ്യഃ? കുലധർമഃ സാധുസംഗശ്ച ।
കാ സംരക്ഷ്യാ? കീർത്തിഃ പതിവ്രതാ നൈജബുദ്ധിശ്ച ॥

🌟 പ്രാണനേക്കാൾ മനോഹരം എന്താണ്?
🔥 കുലധർമവും സജ്ജനസമാഗമവും
🌟 എന്താണ് സംരക്ഷിയ്ക്കേണ്ടത്?
🔥 കീർത്തിയും, പതിവ്രതയും അവരവരുടെ ബുദ്ധിയും

39.കാ കല്പലതാ ലോകേ? സച്ഛിഷ്യായാർപിതാ വിദ്യാ ।
കോ/ക്ഷയവടവൃക്ഷഃ സ്യാദ്? വിധിവത് സത്പാത്രദത്തദാനം യത് ॥

🌟 ലോകതതിൽ കല്പവല്ലി എന്താണ്?
🔥 നല്ല ശിഷ്യനു പകർന്നു കൊടുത്ത അറിവ്
🌟 നശിയ്ക്കാത്ത പേരാൽമരമേതാണ്?
🔥 വിധിയാംവണ്ണം നല്ലവർക്കു ചെയ്ത ദാനം

40.കിം ശസ്ത്രം സർവേഷാം? യുക്തിഃ, മാതാ ച കാ? ധേനുഃ ।
കിം നു ബലം? യദൈര്യം കോ മൃത്യുഃ? യദ്/വധാനരഹിത തത്വം ॥

🌟 എല്ലാവരുടേയും ആയുധമെന്താണ്?
🔥 യുക്തി
🌟 എല്ലാവരുടേയും അമ്മ ആരാണ്?
🔥 പശു
🌟 എല്ലാവരുടേയും ബലമെന്താണ്?
🔥 മനസ്സുറപ്പ്
🌟 എല്ലാവരുടേയും മരണമെന്താണ്?
🔥 ജാഗ്രതക്കുറവ്

41.കുത്ര വിഷം? ദുഷ്ടജനേ കിമിഹാശൗചം ഭവേദ്? ഋണം ന്യൂണാം ।
കിമഭയമിഹ? വൈരാഗ്യം, ഭയമപി കിം? വിത്തമേവ സർവേഷാം ॥

🌟 വിഷം എവിടെയാണ്?
🔥 ദുർജനത്തിൽ
🌟 ഇവിടെ മനുഷ്യർക്കു വാലായ്മ എന്താണ്?

കടം
ഇവിടെ പേടി തീരെ ഇല്ലാത്ത ഇടമേത്?
വിരക്തി
എല്ലാവർക്കും പേടിയുള്ള ഇടം ഏത്?
പണം തന്നെ

42.കാ ദുർലഭാ നരാണാം? ഹരിഭക്തിഃ, പാതകം ച കിം? ഹിംസാ ।
കോ ഹി ഭഗവത്പ്രിയഃ സ്യാത്? യോ/ന്യയം നോദ്വേജയേദനു ദ്വിഗ്നഃ ॥

മനുഷ്യർക്കു കിട്ടാൻ ബുദ്ധിമുട്ടുള്ളത്?
ഈശ്വരഭക്തി
പാപവും എന്താണ്?
ഹിംസിക്കൽ
ആരാണ് ഭഗവാൻ പ്രിയപ്പെട്ടവനാകുന്നത്?
സ്വയം പേടിക്കാതെ മറ്റവനെ പേടിപ്പിക്കാത്തവൻ

43.കസ്മാത് സിദ്ധി? തപസഃ, ബുദ്ധിഃ ക്വ നു? ഭൂസുരേ, കുതോ ബുദ്ധിഃ? ।
വൃദ്ധോപസേവയാ, കേ വൃദ്ധാ? യേ ധർമതത്ത്വജ്ഞാഃ ॥

കാര്യ ലാഭം എന്തിൽനിന്നാണ്?
തപസ്സിൽനിന്ന്
ബുദ്ധി ഇരിയ്ക്കുന്നതെവിടെ?
ബ്രാഹ്മണനിൽ
ബുദ്ധി എങ്ങനെയുണ്ടാകുന്നു?
അറിവുള്ളവരോടുള്ള സമ്പർക്കംകൊണ്ട്
അറിവുള്ളവർ ആരാണ്?
ധർമ്മ തത്ത്വം അറിയുന്നവർ

44.സംഭാവിതസ്യ മരണാദധികം കിം? ദുര്യശോ ഭവതി ।
ലോകേ സുഖീ ഭവേത് കഃ? ധനവാൻ, ധനമപി ച കിം? യതശ്ചേഷ്ടം ॥

മാനിയ്ക്കപ്പെട്ടവനു മരണത്തേക്കാൾ മീതെ എന്താണ്?
ചീത്തപ്പേര്
ലോകത്തിൽ ആരാണ് സുഖമുള്ളവൻ?
ധനമുള്ളവൻ
ധനമെന്നാൽ എന്താണ്?
എന്തിൽനിന്നാണോ അഭീഷ്ട പ്രാപ്തി ഉണ്ടാകുന്നത് അത്

45.സർവസുഖാനാം ബീജം കിം? പുണ്യം, ദുഃഖമപി കുതഃ? പാപാത് ।
കസ്സൈശ്വര്യം? യഃ കില ശങ്കരമാരാധയേത് ഭക്ത്യാ ॥

എല്ലാ സുഖങ്ങളുടേയും കാരണമെന്ത്?

🔥 സുകൃതം
🌟 ദുഃഖവും എന്തുകൊണ്ടാണ്?
🔥 പാപം നിമിത്തം
🌟 ഐശ്വര്യം ആർക്കാണ്?
🔥 ശങ്കരനെ ഭക്തിയോടെ ആരാധിയ്ക്കുന്നവന്

46.കോ വർധതേ? വിനീതഃ കോ വാ ഹീയതേ? യോ ദൃപ്തഃ ।
കോ ന പ്രത്യേതവ്യോ? ബ്രൂതേ യശ്ചാന്യതം ശശ്വത് ॥

🌟 ആരാണ് ജയിക്കുന്നത്?
🔥 വിനയമുള്ളവൻ
🌟 ആരാണ് തോൽക്കുന്നത്?
🔥 അഹങ്കാരി
🌟 ആരെ വിശ്വസിക്കരുത്?
🔥 എപ്പോഴും കളവു പറയുന്നവനെ

47.കുത്രാന്യതേ/പി അപാപം? യച്ചോക്തം ധർമരക്ഷാർഥം ।
കോ ധർമഃ? അഭിമതോ യഃ ശിഷ്ടാനാം നിജകുലീനാനാം ॥

🌟 കളവിലും എവിടെയാണ് പാപമില്ലാത്തത്?
🔥 ധർമ്മ രക്ഷയ്ക്കുവേണ്ടി പറഞ്ഞതിൽ
🌟 ധർമ്മം എന്താണ്?
🔥 തന്റെ വംശത്തിലുണ്ടായ യോഗ്യർ അംഗീകരിച്ചത്

48.സാധുബലം കിം? ദൈവം, കഃ സാധു? സർവദാ തുഷ്ടഃ ।
ദൈവം കിം? യത്സുകൃതം, കഃ സുകൃതീ? ശ്ലാഘ്യതേ ച യഃ സത്വരിഃ ॥

🌟 സജ്ജനങ്ങൾക്കു ബലമെന്താണ്?
🔥 ഈശ്വരാധീനം
🌟 സജ്ജനമാരാണ്?
🔥 എപ്പോഴും സന്തോഷമുള്ളവൻ
🌟 ഈശ്വരാധീനം എന്താണ്?
🔥 പൂർവപുണ്യം
🌟 പൂർവപുണ്യമുള്ളവനാരാണ്?
🔥 നല്ലവരാൽ പുകഴ്ത്തപ്പെടുന്നവൻ

49.ഗൃഹമേധിനശ്ച മിത്രം കിം? ഭാര്യാ, കോ ഗൃഹീ ച? യോ യജതേ ।
കോ യജ്ഞഃ? യഃ ശ്രുത്യാ വിഹിതഃ ശ്രേയസ്കരോ നൃണാം ॥

🌟 ഗൃഹസ്ഥന്റെ കൂട്ടുകാരൻ ആരാണ്?
🔥 ഭാര്യ
🌟 ഗൃഹസ്ഥനും ആരാണ്?

🔥 യാഗം ചെയ്യുന്നവൻ
🌟 യാഗമെന്താണ്?
🔥 വേദമനുശാസിച്ചതും മനുഷ്യർക്കു നന്മയുണ്ടാക്കുന്നതുമായ കർമ്മം

50.കസ്യ ക്രിയാ ഹി സഫലാ? യഃ പുനരാചാരവാൻ ശിഷ്ടഃ ।
കഃ ശിഷ്ടഃ? യോ വേദ്രപമാണവാൻ, കോ ഹതഃ? ക്രിയാ ഭ്രഷ്ടഃ ॥

🌟 ആരുടെ കർമ്മാണ് സഫലമായിത്തീരുന്നത്?
🔥 ശാസ്ത്രമനുസരിച്ചു നടപടിയുള്ള ശിഷ്ടന്റെ
🌟 ശിഷ്ടൻ ആരാണ്?
🔥 വേദത്തെ പ്രമാണമാക്കുന്നവൻ
🌟 വഞ്ചിതൻ ആരാണ്?
🔥 സത്കർമ്മം ചെയ്യാത്തവൻ

51.കോ ധന്യഃ? സന്യാസീ, കോ മാന്യഃ? പണ്ഡിതഃ സാധുഃ ।
കഃ സേവ്യോ? യോ ദാതാ, കോ ദാതാ? യോ ഽർഥിത്യപ്തിമാതനുതേ ॥

🌟 ഭാഗ്യവാൻ ആരാണ്?
🔥 സർവസംഗപരിത്യാഗി
🌟 ബഹുമാന്യൻ ആരാണ്?
🔥 അറിവുള്ള ധാർമികൻ
🌟 സേവിയ്ക്കപ്പെടേണ്ടവൻ ആരാണ്?
🔥 കൊടുക്കുന്നവൻ
🌟 കൊടുക്കുന്നവൻ ആരാണ്?
🔥 ചോദിയ്ക്കുന്നവർക്കു തൃപ്തിവരുവോളം നൽകുന്നവൻ

52.കിം ഭാഗ്യം ദേഹവതാം? ആരോഗ്യം, കഃ ഫലീ? കൃഷികൃത് ।
കസ്യ ന പാപം? ജപതഃ, കഃ പൂർണഃ? യഃ പ്രജാവാൻ സ്യാത് ॥

🌟 ഉടലെടുത്തവർക്കു ഭാഗ്യമെന്താണ്?
🔥 ആരോഗ്യം
🌟 ഫലമെടുക്കുന്നവനാരാണ്?
🔥 കൃഷിചെയ്യുന്നവൻ
🌟 ആർക്കാണ് പാപമില്ലാത്തത്
🔥 ഭഗവന്നാമങ്ങൾ ജപിക്കുന്നവന്
🌟 നിറവാർന്നവനാരാണ്?
🔥 മക്കളുള്ളവൻ

53.കിം ദുഷ്കരം നരാണാം? യന്മനസോ നിഗ്രഹഃ സതതം ।
കോ ബ്രഹ്മചര്യവാൻ സ്യാദ്? യശ്ചാസ്ഖലിതോർധ്വരേ തസ്കഃ ॥

🌟 മനുഷ്യർക്കു ചെയ്യാൻ ബുദ്ധിമുട്ടുള്ളതെന്ത്?

🪔മനസ്സിന്റെ എല്ലായ്പ്പോഴുമുള്ള അടക്കം
🌟ആരാണ് ബ്രഹ്മചാരി?
🪔ജീവശക്തി പാഴാക്കുന്നതിനുപകരം അതിനെ ഉത്കൃഷ്ടമാക്കിയ ഒരാൾ, ഇന്ദ്രിയനിഗ്രഹം ചെയ്തവൻ

54.കാ ച പരദേവതോക്തിഃ? ചിഛക്തിഃ കോ ജഗദ്ഭർത്താ ।
സുര്യഃ, സർവേഷാം കോ ജീവനഹേതുഃ? സ പർജന്യഃ ॥

🌟പരദേവത ആരാണെന്നാണ് പറയപ്പെടുന്നത്?
🪔ചിച്ഛക്തി
🌟ലോക രക്ഷകനാര്?
🪔ആദിത്യൻ
🌟എല്ലാറ്റിനും ജീവനകാരണം എന്ത്?
🪔അതു കാർമേഘമാണ്.

55.കോ ശൂരഃ? യോ ഭീതത്രാതാ, ത്രാതാ ച കഃ? സ ഗുരുഃ ।
കോ ഹി ജഗദ്ഗുരുരുക്തഃ? ശംഭുഃ, ജ്ഞാനം കുതഃ? ശിവാദേവ ॥

🌟ശൗര്യമുള്ളവനാരാണ്?
🪔പേടിച്ചവരെ രക്ഷിയ്ക്കുന്നവൻ
🌟രക്ഷകനാരാണ്?
🪔അയാൾ ഗുരുവാണ്
🌟ജഗദ്ഗുരു ആരെന്നു പറയപ്പെടുന്നു?
🪔പരമശിവൻ
🌟അറിവ് എവിടെനിന്നാണ്?
🪔ശിവനിൽനിന്നുതന്നെ

56.മുക്തിം ലഭേത കസ്മാത്? മുകുന്ദഭക്തേഃ, മുകുന്ദഃ കഃ? ।
യസ്താരയേദവിദ്യാം, കാ ചാവിദ്യാ? യദാത്മനോസ്ഫുർത്തിഃ ॥

🌟(മനുഷ്യൻ) മോക്ഷം നേടുന്നതെന്തു കാരണത്താലാണ്?
🪔വിഷ്ണുഭക്തി കാരണം
🌟വിഷ്ണു ആരാണ്?
🪔അവിദ്യയിൽനിന്നു കരകയറ്റുന്നവൻ
🌟അവിദ്യ എന്താണ്?
🪔ആത്മജ്ഞാനമില്ലായ്മ

57.കസ്യ ന ശോകോ? യഃ സ്യാദക്രോധഃ, കിം സുഖം? തുഷ്ടിഃ ।
കോ രാജാ? രഞ്ജനകൃത്, കശ്ച ശ്വാ? നീചസേവകോ യഃ സ്യാത് ॥

🌟ആർക്കാണ് ദുഃഖമില്ലാത്തത്?
🪔ക്രോധമില്ലാത്തവന്

🌟 സുഖമെന്താണ്?
💞 സംതൃപ്തി
🌟 രാജാവാരാണ്?
💞 ഐകമത്യമുണ്ടാക്കുന്നവൻ
🌟 നായ് ആരാണ്?
💞 നീചന്മാരെ സേവിയ്ക്കുന്നവൻ

58.കോ മായീ? പരമേശഃ, ക ഇന്ദ്രജാലായതേ? പ്രപഞ്ചോ/യം ।
കഃ സ്വപ്നനിഭഃ? ജാഗ്രദ്വ്യവഹാരഃ, സത്യമപി ച കിം? ബ്രഹ്മ ॥

🌟 മായയുള്ളവൻ ആരാണ്?
💞 തന്തിരുവടി
🌟 എന്താണ് കൺകെട്ടുവിദ്യ പോലെ ആയിത്തീരുന്നത്?
💞 ഈ ജഗത്ത്
🌟 കിനാവ് പോലെ എന്താണ്?
💞 ഉണർന്നിരിക്കുമ്പോഴുള്ള വ്യവഹാരം
🌟 യഥാർഥം എന്താണ്?
💞 പരബ്രഹ്മം

59.കിം മിഥ്യാ? യദവിദ്യാനാശ്യം, തുച്ഛം തു? ശശവിഷാണാദി ।
കാ ചാനിർവചനീയാ? മായാ, കിം കല്പിതം? ദ്വൈതം ॥

🌟 മിഥ്യ എന്താണ്?
💞 വിദ്യകൊണ്ടില്ലാതാവുന്നത്
🌟 അസ്തിത്വമായാത് എന്താണ്?
💞 മുയൽക്കൊമ്പു മുതലായവ
🌟 ഇന്നപ്രകാരമെന്നു പറയാൻ പറ്റാത്തതെന്താണ്?
💞 മായ
🌟 ഉണ്ടാക്കപ്പെട്ടതെന്ത്?
💞 രണ്ടെന്ന ഭാവം

60.കിം പാരമാർഥികം സ്യാദ്? അദ്വൈതം, ചാജ്ഞതാ കുതഃ? അനാദിഃ ।
വപുഷശ്ച പോഷകം കിം? പ്രാരബ്ധം, ച അന്നദായി കിം? ചായുഃ ॥

🌟 വാസ്തവമായതെന്താണ്?
💞 രണ്ടില്ലെന്ന ഭാവം
🌟 അജ്ഞാനം എവിടെനിന്നുണ്ടായി?
💞 തുടക്കമില്ലാത്തതാണത്
🌟 ശരീരത്തെ വളർത്തുന്നതെന്ത്?
💞 മുജ്ജന്മകർമ്മം
🌟 ഭക്ഷണം തരുന്നതെന്ത്?
💞 ആയുസ്സ്

61.കോ ബ്രാഹ്മണൈരുപാസ്യോ? ഗായത്ര്യർക്കാഗ്നിഗോചരഃ ശംഭുഃ |
ഗായത്ര്യാമാദിത്യേ ചാഗ്നൗ ശംഭൗ ച കിം നു? തത് തത്ത്വം ||

🌟 ബ്രാഹ്മണന്മാർ ഉപാസിയ്ക്കേണ്ടത് ആരെയാണ്?
🔥 ഗായത്രി, സൂര്യൻ, അഗ്നി എന്നിവയ്ക്കു വിഷയമായ ശിവനെ
🌟 ഗായത്രിയിലും സൂര്യനിലും അഗ്നിയിലും ശിവനിലും എന്താണ്?
🔥 ആ പരമമായ തത്ത്വം

62.പ്രത്യക്ഷദേവതാ കാ? മാതാ, പൂജ്യോ ഗുരുശ്ച കഃ? താതഃ |
കഃ സർവദേവതാത്മാ? വിദ്യാ കർമ്മനിതോ വിപ്രഃ ||

🌟 നേരിൽകാണാവുന്ന ദേവത ആര്?
🔥 അമ്മ
🌟 പൂജനീയനായ ഗുരു ആര്?
🔥 അച്ഛൻ
🌟 എല്ലാദേവന്മാരുടേയും സ്വരൂപത്തോടുകൂടിയവനാര്?
🔥 അറിവും അനുഷ്ഠാനവുമുള്ള ബ്രാഹ്മണൻ

63.കശ്ച കുലക്ഷയഹേതുഃ? സന്താപഃ സജ്ജനേഷു യോഽകാരി |
കേഷാമമോഘവചനം? യേ ച പുനഃ സത്യമൗനശമശീലാഃ ||

🌟 വംശത്തിന്റെ നാശത്തിനു കാരണമെന്ത്?
🔥 സജ്ജനങ്ങൾക്കുണ്ടാക്കിയ വേദന
🌟 ആരുടെ വാക്ക് പാഴാകാത്തതാകുന്നു?
🔥 സത്യം, മൗനം, ദമം എന്നിവ ശീലിച്ചവരുടെ

64. കിം ജന്മ? വിഷയസംഗഃ, കിമുത്തരം ജന്മ? പുത്രഃ സ്യാത് |
കോഽപരിഹാര്യഃ? മൃത്യുഃ കുത്ര പദം വിന്യസേച്ച? ദൃക് പൂതേ ||

🌟 ജീവിതമെന്താണ്?
🔥 വിഷയങ്ങളുമായുള്ള ചേർച്ച
🌟 അടുത്ത ജന്മം എന്താണ്?
🔥 മകൻ ആകുന്നു
🌟 ഒഴിവാക്കാൻ വയ്യാത്തതെന്ത്?
🔥 മരണം
🌟 കാൽ എവിടെ വയ്ക്കണം?
🔥 നോട്ടം കൊണ്ടു ശുദ്ധമായിടത്ത്

65.പാത്രം കിമന്നദാനേ? ക്ഷുധിതം, കോഽർച്യോഽഹി? ഭഗവദവതാരഃ |
കശ്ച ഭഗവാൻ? മഹേശഃ ശങ്കരനാരായണാത്മകഃ ||

🌟 അന്നദാനത്തിനു യോഗ്യനാര്?

💞 വിശക്കുന്നവൻ
🌟 പൂജിയ്ക്കേണ്ടതാരെയാണ്?
💞 ഭഗവാന്റെ അവതാരത്തെ
🌟 ഭഗവാൻ ആരാണ്?
💞 ശങ്കരനാരായണസ്വരൂപനായ ഒരേ പരമേശ്വരൻ

66.ഫലമപി ഭഗവദ്ഭക്തേഃ കിം? തല്ലോകസ്വരൂപസാക്ഷാത്ത്വം |
മോക്ഷശ്ച കഃ? ഹ്യവിദ്യാസ്തമയഃ, കഃ സർവവേദഭൂഃ? അഥ ച ഓം ||

🌟 ഭഗവദ്ഭക്തിയുടെ പ്രയോജനവും എന്താണ്?
💞 അത് ലോകസ്വരൂപത്തിന്റെ പ്രത്യക്ഷീകരണമാണ്
🌟 മോക്ഷമെന്താണ്?
💞 അവിദ്യയുടെ തിരോധാനം
🌟 എല്ലാവേദങ്ങളുടെയും ഉറവിടം ഏത്?
💞 ഓം/പ്രണവം

67.ഇത്യഷാ കണ്ഠസ്ഥാ പ്രശ്നോത്തരമാലികാ യേഷാം |
തേ മുക്താഭരണാ ഇവ വിമലാശ്ചാഭാന്തി സത്സമാജേഷു ||

ഇങ്ങനെ ഈ പ്രശ്നോത്തരമാലിക ഏവർക്ക് കണ്ഠസ്ഥമാണോ
അവർ മുക്തന്മാർക്കലങ്കാരമെന്നപോലെ നിർമ്മലന്മാരായി സജ്ജനസമൂഹത്തിൽ
ശോഭിയ്ക്കുന്നു.

(ഇവിടെ മാല കഴുത്തിലണിഞ്ഞവൻ മുത്തുമാലയണിഞ്ഞവനെപ്പോലെ സുന്ദരനായി ജനമധ്യത്തിൽ വിളങ്ങുന്നു എന്ന അർഥവും ശ്ലേഷം മുഖേന സിദ്ധിക്കുന്നു)

Prashnottara Ratna Malika Of Shri Shankara In 24 Indian Languages Sahitya Academy-Archive.org ॐ